ആരും പരിഗണിക്കാത്ത 'പുകവലി ആരോഗ്യത്തിന് ഹാനികരം'

പുകവലി ശ്വാസകോശ അർബുദം, ആസ്ത്മ സാധ്യത വർധിപ്പിക്കും. വിഷാദം, സ്കീസോഫ്രീനിയ എന്നിവക്കും കാരണമാകുന്നു. ലോകത്ത് 13-15 വയസ്സിലുള്ള 1.4 കോടി കുട്ടികൾ പുകയില ഉൽപന്നങ്ങൾ ഉപയോഗിക്കുന്നു. സിഗരറ്റ് പാക്കറ്റിലും സിനിമയിലും ടി.വി ഷോയിലുമൊക്കെ കാണിക്കുന്ന 'പുകവലി ആരോഗ്യത്തിന് ഹാനികരം' എന്ന മുന്നറിയിപ്പ് അവഗണിക്കാൻ മാത്രമുള്ളതായി.

സ്വർണ വില
1,15,600

MAJESTIC JEWELLERS
Gold ◆ Diamond ◆ Silver
Tirur
Ph:9961 3000 31
ALL SUNDAY OPEN

ജില്ല വികസന സമിതി യോഗം ചേർന്നു

സ്കൂളുകൾ തുറക്കാൻ സജ്ജം

മഴക്കാല രോഗം തടയും

മലപ്പുറം: തെരഞ്ഞെടുപ്പിന് ശേഷമുള്ള ആദ്യ ജില്ല വികസന സമിതി യോഗം എ.ഡി.എം സി.എസ്. രാജേഷിന്റെ അധ്യക്ഷതയിൽ ചേർന്നു. പുതിയ അധ്യയന വർഷത്തെ വരവേൽക്കാൻ ജില്ലയിലെ സ്കൂളുകൾ പൂർണ സജ്ജമാണെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള സ്കൂൾ ഫിറ്റ്നസ് പരിശോധനകൾ പൂർത്തിയായിട്ടുണ്ട്.

ചുരുക്കം ചിലയിടങ്ങളിൽ ചെറിയ രീതിയിലുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഇവ ഞായറാഴ്ചയോടെ പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. യൂനിഫോം, പുസ്തകം എന്നിവയുടെ വിതരണം 90 ശതമാനം പൂർത്തിയാക്കി. വർക്ക് ബുക്ക്, ഐ.ടി ബുക്ക് എന്നിവ ചിലയിടങ്ങളിൽ നൽകാനുണ്ട്. ഇവയുടെ വിതരണം ആദ്യ ആഴ്ചയിൽ പൂർത്തിയാക്കുമെന്നും ഉപഡയറക്ടർ അറിയിച്ചു. എം.എൽ.എമാരായ ടി.പി ഇബ്രാഹിം, ടി.പി അഷ്റഫലി എന്നിവരാണ് ഇത് സംബന്ധിച്ച് ചോദ്യം ഉന്നയിച്ചത്.

കനത്ത മഴയെത്തുടർന്ന് ദേശീയപാത 66ൽ സർവീസ് റോഡ് തകരുകയും വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്ത പുത്തനത്താണി, ഉണ്ണിയാൽ, ചുങ്കം പ്രദേശങ്ങളിൽ ഡ്രൈനേജ് നിർമാണത്തിന് നടപടി ആരംഭിച്ചതായി ദേശീയപാത പ്രൊജക്റ്റ് ഡയറക്ടർ അറിയിച്ചു.

അപകടാവസ്ഥ പരിഹരിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമാണ തുകയായ 12.87 കോടി രൂപ ജില്ല കലക്ടർക്ക് കൈമാറിയിട്ടുണ്ടെന്നും പ്രോജക്റ്റ് ഡയറക്ടർ അറിയിച്ചു. മഴക്കാലത്ത് വെള്ളം വീടുകളിലേക്കൊഴുകി ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കാനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി ജില്ല കലക്ടറുടെ നേതൃത്വത്തിൽ യോഗം ചേരും. ദേശീയപാതയിൽ അശാസ്ത്രീയ ഡ്രെയിനേജ് നിർമാണം മൂലമുണ്ടാകുന്ന പ്രയാസങ്ങൾ സ്ഥലപരിശോധന നടത്തി പരിഹരിക്കണമെന്ന് ടി.വി. ഇബ്രാഹിം എം.എൽ.എ ആവശ്യപ്പെട്ടു.

മഴക്കാല രോഗങ്ങൾ പടരാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പി.കെ. നവാസ് എം.എൽ.എയുടെ ചോദ്യത്തിന് മറുപടിയായി ഡി.എം.ഒ അറിയിച്ചു. സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇപ്പോൾ ജില്ലയിൽ കൂടുതൽ ഭീഷണിയായ എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നുവെന്നും ഇതു സംബന്ധിച്ച നിർദേശം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും ഡി.എം.ഒ. അറിയിച്ചു.

2025-26 സാമ്പത്തിക വർഷം ജില്ലയിലെ വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ് 96.07 ശതമാനമാണെന്ന് യോഗം വിലയിരുത്തി. 349 സംസ്ഥാന പദ്ധതികളിൽ 95.95 ശതമാനവും അഞ്ചു സമ്പൂർണ കേന്ദ്ര പദ്ധതികളിൽ 99.27 ശതമാനവും മറ്റ് കേന്ദ്ര പദ്ധതികളിൽ 96.23 ശതമാനവുമാണ് പദ്ധതിയിനത്തിൽ ചെലവഴിച്ചത്.

എം.എൽ.എമാരായ ടി.വി. ഇബ്രാഹിം, എം. റഹ്മത്തുല്ല, ടി.പി. അഷ്റഫലി, വി.എസ്. ജോയ്, പി.കെ. നവാസ്, ജില്ല പ്ലാനിങ് ഓഫീസർ ടി.വി. ഷാജു, ജനപ്രതിനിധികൾ, ജില്ലതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

അനുമതിയില്ലാത്ത വിജയാഘോഷത്തിന് നിരോധനം

മലപ്പുറം: ജൂൺ ഒന്നിന് പുതിയ അധ്യയന വർഷം ആരംഭിക്കുമെന്നതിനാൽ, മുൻകൂർ അനുമതിയില്ലാത്ത നിയമസഭ തെരഞ്ഞെടുപ്പ് വിജയാഘോഷം നിരോധിച്ച് ജില്ല കലക്ടർ ഉത്തരവിട്ടു. ഇത്തരം പരിപാടികൾ തുടർന്നു വരുന്നത് കുട്ടികളുടെ പഠനത്തെയും, മാനസിക നിലയെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പൊതുസമാധാന ലംഘനത്തിന് കാരണമാകും. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾ ജില്ല പൊലീസ് മേധാവി സ്വീകരിക്കുമെന്ന് കലക്ടർ അറിയിച്ചു.

പഠനോപകരണ കിറ്റ് വിതരണം

മലപ്പുറം: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങളായ തൊഴിലാളികളുടെ ഒന്ന് മുതൽ ഏഴ് വരെ ക്ലാസിൽ പഠിക്കുന്ന മക്കൾക്കുള്ള സൗജന്യ പഠനോപകരണ കിറ്റുകളുടെ ജില്ലതല വിതരണോദ്ഘാടനം മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഡയറക്ടർ ഹംസ ഏരിക്കുന്നൻ നിർവഹിച്ചു. എൻ. അറമുഖൻ അധ്യക്ഷത വഹിച്ചു. ജില്ലാ എക്സിക്യൂട്ടീവ് ഓഫിസർ കെ.സി. ലൈല, കോയ, കുഞ്ഞി മുഹമ്മദ് കുഞ്ഞിപ്പ, മുഹമ്മദ് ഇസ്ഹാഖ്, കെ. ജാഫർ എന്നിവർ സംസാരിച്ചു. ജൂനിയർ സൂപ്രണ്ട് എ. ഷൈനി നന്ദി പറഞ്ഞു.

ഒ.ബി.സി, മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ വായ്പ

മലപ്പുറം: പിന്നാക്ക വിഭാഗ വികസന കോർപറേഷൻ ജില്ലയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക (ഒ.ബി.സി) വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്കും മത ന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്കും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ നൽകുന്നു.

5.5 ശതമാനം മുതൽ എട്ടു ശതമാനം വരെയാണ് പലിശ നിരക്ക്. പ്രവാസികൾ, പ്രഫഷനൽ കോഴ്സ് ജയിച്ചവർ, വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയ സ്ത്രീകൾ തുടങ്ങിയവർക്കും ടാക്സി ആയി ഓടുന്നതിന് ഇലക്ട്രിക്/സി.എൻ.ജി വാഹനങ്ങൾ വാങ്ങുന്നതിനും നിബന്ധനകൾക്ക് വിധേയമായി സബ്സിഡി ലഭിക്കും. വായ്പാ തുക 60 തുല്യപ്രതിമാസ തവണകളായി തിരിച്ചടക്കണം. വായ്പക്ക് മതിയായ വസ്തു ജാമ്യമോ ഉദ്യോഗസ്ഥ ജാമ്യമോ നൽകണം. അപേക്ഷാ ഫോമും വിശദ വിവരങ്ങളും എല്ലാ പ്രവർത്തി ദിവസവും കോർപറേഷന്റെ ബന്ധപ്പെട്ട ഓഫിസുകളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 15 നകം ലഭ്യമാക്കണം. ഫോൺ: 0483 2734114, 0494 2432275.

കേരള പൊലീസ് ഗോൾഡൻ ടീമിലെ അവസാന കണ്ണികൾ പടിയിറങ്ങി

» **പി. ഹബീബ് റഹ്മാനും കെ. രാജേഷിനും എം.എസ്.പി ആസ്ഥാനത്ത് ഉഷ്മള യാത്രയയപ്പ്**

പി. ഹബീബ് റഹ്മാനും കെ. രാജേഷിനും എം.എസ്.പി ആസ്ഥാനത്ത് യാത്രയയപ്പ് നൽകുന്നു

മലപ്പുറം: കേരള പൊലീസ് ഫുട്ബാൾ ടീം സുവർണകാലത്തെ അവസാന കണ്ണികൾ സർവീസിൽനിന്നും വിടവാങ്ങി. 1991ൽ ഫെഡറേഷൻ കപ്പ് നേടിയ പൊലീസ് ടീമിലെ അംഗങ്ങളായിരുന്ന പി. ഹബീബുറഹ്മാൻ, കെ. രാജേഷ് എന്നിവരാണ് ശനിയാഴ്ച സർവീസിൽനിന്ന് വിരമിച്ചത്. മലപ്പുറം എം.എസ്.പി ആസ്ഥാനത്ത് ഇരുവർക്കും സഹപ്രവർത്തകർ ഊഷ്മളമായ യാത്രയയപ്പ് നൽകി. ഐ.എം. വിജയൻ, യു. ഷറഫലി, സി.വി. പാപ്പച്ചൻ, വി.പി. സത്യൻ തുടങ്ങിയ സൂപ്പർ സ്റ്റാറുകൾ നിറഞ്ഞ സംഘത്തിലെ അവസാന കണ്ണികളാണ് സർവീസിൽനിന്നും വിട ചൊല്ലിയത്. 1990, 91 വർഷങ്ങളിൽ ഫെഡറേഷൻ കപ്പ് നേടിയ പൊലീസ് ടീമിൽ അംഗങ്ങളായിരുന്നു ഇരുവരും.

1990ൽ ഇരുവരും ജോലിയിൽ പ്രവേശിച്ചു. എം.എസ്.പി ഡെപ്യൂട്ടി കമാൻഡന്റ് (ഗ്രേഡ്) തസ്തികയിൽനിന്നാണ് മുന്നേറ്റതാരമായ ഹബീബുറഹിമാൻ വിരമിച്ചത്. 1990ൽ തൃശൂർ ഫെഡറേഷൻ കപ്പിൽ കേരള പൊലീസ് ആദ്യമായി ജേതാക്കളായ ടീമിലും മലപ്പുറം അരീക്കോട് സ്വദേശിയായ ഹബീബ്റഹ്മാൻ അംഗമായിരുന്നു. അഞ്ച് സന്തോഷ് ട്രോഫികളിൽ കേരളത്തിനായി ബൂട്ടണിഞ്ഞു. യൂത്ത് ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. കരിയറിന്റെ സുവർണകാലത്ത് കൊൽക്കത്തയിലെ മുഹമ്മദൻസിലേക്ക് ക്ഷണം ലഭിച്ചിരുന്നെങ്കിലും പൊലീസിൽ തന്നെ തുടർന്നു.

ഹബീബ് റഹ്മാന് പൊലീസ് സർവീസിലും മികച്ച ട്രാക്ക് റെക്കോർഡുണ്ട്. ജോലിയിലെ മികവിന് അഞ്ച് അപ്രീസിയേഷൻ ലെറ്ററുകളും അഞ്ച് കാഷ് റിവാർഡുകളും 51 ഗുഡ്സർവീസ് എൻട്രികളും 2023ൽ മുഖ്യമന്ത്രിയുടെ പൊലീസ് മെഡലും 2025ൽ സംസ്ഥാന പൊലീസ് മേധാവിയുടെ കമൻഡേഷൻ ഡിസ്കും അദ്ദേഹത്തിനു ലഭിച്ചു. എം.പി. റീഫത്ത് ആണ് ഭാര്യ. മക്കൾ: മുഹമ്മദ് ഷാൻ, ഫാത്തിമ ഇഷ.

കേരള പൊലീസ് ടീമിലെ പ്രതിരോധക്കാരനായിരുന്ന രാജേഷ് എം.എസ്.പി അസി. കമാൻഡന്റ് തസ്തികയിൽനിന്നാണ് അദ്ദേഹം വിരമിച്ചത്. ഫാറൂഖ് കോളജിലെ പഠനകാലത്ത് സംസ്ഥാന ജൂനിയർ ടീമിൽ ഇടംനേടി. 1992ൽ ദുബായ് ഫെസ്റ്റിവലിനോടനുബന്ധിച്ചു നടത്തിയ ഇൻവിറ്റേഷൻ ടൂർണമെന്റ്, 1994,1995 ദേശീയ പൊലീസ് ഫുട്ബോൾ ചാംപ്യൻഷിപ്പുകൾ എന്നിവയിലെല്ലാം പൊലീസ് ടീമിന്റെ ഭാഗമായിരുന്നു. കളത്തിലെന്നപോലെ സർവിസിലും മികച്ച പ്രകടനം കാഴ്ചവച്ച താരമാണ് രാജേഷ്. ജോലിയിലെ മികവിന് 68 ഗുഡ് സർവീസ് എൻട്രികളും 11 അപ്രീസിയേഷൻ ലെറ്ററുകളും രണ്ടു കാഷ് റിവാർഡുകളും ലഭിച്ചു.

2009ൽ മുഖ്യമന്ത്രിയുടെ പൊലീസ് മെഡലും 2017ൽ സംസ്ഥാന പൊലീസ് മേധാവിയുടെ കമൻഡേഷൻ ഡിസ്കും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. ബേപ്പൂർ നടുവട്ടം സ്വദേശിയാണെങ്കിലും മലപ്പുറത്താണ് രാജേഷും കുടുംബവും താമസം. ഭാര്യ കെ.പി. പ്രീത, മക്കൾ: വൈഷ്ണവി, വിഷ്ണു രാജേഷ്, മരുമകൻ: വൈശാഖ്.

അന്താരാഷ്ട്ര വനിത ആരോഗ്യ ദിനം

ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ ബോധവത്കരണം

കൊണ്ടോട്ടി: അന്താരാഷ്ട്ര വനിത ആരോഗ്യ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ കൊണ്ടോട്ടിയിൽ സംഘടിപ്പിച്ച 'ഹൃദ്യം' ആരോഗ്യ ബോധവത്കരണ പരിപാടി ശ്രദ്ധേയമായി. ഇന്ത്യൻ ഡെൻഡൽ അസോസിയേഷൻ സംസ്ഥാന സമിതി, വിമൻസ് ഡെൻഡൽ കൗൺസിൽ, കൊണ്ടോട്ടി, ഏറനാട്, തിരൂർ ബ്രാഞ്ചുകളുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ നിരവധി പേർ പങ്കെടുത്തു.

അന്താരാഷ്ട്ര വനിത ആരോഗ്യ ദിനത്തിൽ ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ കൊണ്ടോട്ടിയിൽ സംഘടിപ്പിച്ച ബോധവത്ക്കരണം ടി.പി. അഷ്റഫലി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

കൊണ്ടോട്ടിയിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിപാടി ടി.പി. അഷ്റഫലി എം.എൽ.എ ഉദ്ഘാടനം ചെയ്തു. കൊണ്ടോട്ടി നഗരസഭാധ്യക്ഷൻ യു.കെ. മമ്മദിശ മുഖ്യാതിഥിയായി. ഐ.ഡി.എ സംസ്ഥാന പ്രസിഡന്റ് ഡോ. ഈപ്പൻ തോമസ് അധ്യക്ഷത വഹിച്ചു. മോണരോഗങ്ങളും ഹൃദ്രോഗ സാധ്യതകളും തമ്മിലുള്ള ബന്ധം, സ്ത്രീകളുടെ വായ് ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് ഡോ. അഭിലാഷ് ആന്റണി വിഷയാവതരണം നടത്തി.

ഐ.ഡി.എ സംസ്ഥാന പ്രസിഡന്റ് ഡോ. ഈപ്പൻ തോമസ്, ഡബ്ല്യു. ഡി. സി ചെയർപേഴ്സൺ ഡോ. റിൻസി റോസ് യൂജിൻ, സെക്രട്ടറി ഡോ. ടി.പി. റോസ് മേരി, ഡോ. ജസിൽ, വിവിധ ശാഖ ഭാരവാഹികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, ഹരിതകർമസേന അംഗങ്ങൾ എന്നിവരുൾപ്പെടെയുള്ളവർ സംബന്ധിച്ചു.

കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എൻജിനീയർ ഖലീലുൽ റഹ്മാൻ പടിയിറങ്ങുന്നു

മഞ്ചേരി: 29 വർഷത്തെ സേവനത്തിന് ശേഷം കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എൻജിനീയർ ഖലീലുൽ റഹ്മാൻ ഇന്ന് പടിയിറങ്ങുന്നു. കെ.എസ്.ഇ.ബിക്കു ജനകീയ മുഖം നൽകുന്നതിൽ പ്രധാന പങ്കു വഹിച്ച ഇദ്ദേഹം 1997 ലാണ് സർവീസിന് തുടക്കം കുറിച്ചത്.

ഖലീലുൽ റഹ്മാൻ

പിന്നീട് മലപ്പുറം, പെരിന്തൽമണ്ണ, എടക്കര എന്നീ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളിലും സേവനം അനുഷ്ഠിച്ചു. എക്സിക്യൂട്ടീവ് എൻജിനീയർ ആയി പ്രമോഷൻ ലഭിച്ചപ്പോൾ മഞ്ചേരി സർക്കിളിനു കീഴിൽ ആർ.ഡി.എസ്. എസ് പദ്ധതികൾ പൂർത്തിയാക്കുന്നതിന് അതീവ ശ്രദ്ധ കേന്ദ്രീകരിച്ചു. വിവിധ സ്വപ്ന പദ്ധതികൾ നടപ്പാക്കിയ ചാരിതാർത്ഥ്യത്തോടെയാണ് സർവീസിൽ നിന്നും പടിയിറങ്ങുന്നത്. കെ.എസ്.ഇ.ബിയിലെ പദ്ധതികൾ സമയബന്ധിതമായി തീർത്തതിനാൽ രണ്ട് തവണ ഗുഡ് സർവീസ് എൻട്രി ലഭിച്ചിട്ടുണ്ട്. മക്കരപ്പറമ്പ് കാച്ചിനിക്കാട് സ്വദേശിയാണ്. ഭാര്യ: നദീറ (എച്ച്.എം. മങ്കട പള്ളിപ്പുറം ഗവ. സ്കൂൾ). മക്കൾ: ഷഹബുൽ മുഹമ്മദ് ഇസ്മായിൽ, ശതാ ഫഹമിൻ.

കേരള വാട്ടർ അതോറിട്ടി ഇലക്ട്രോണിക് ടർഘാസ് നോട്ടീസ്

ടർഘാസ് : SE/PHC/MPM/31/2026-27
സംസ്ഥാന പദ്ധതി-2025-26 -മഞ്ചേരിയിലേക്കുള്ള യു.ഡബ്ല്യു.എസ്.എസ്. -ആനക്കയം ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ നിന്ന് കുന്നത്ത് അമ്പലം ടാങ്കിലേക്ക് പഴയ 250 എം.എം. സി.ഐ. പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിക്കൽ പൈപ്പ് ലൈൻ പ്രവൃത്തി. നിരതദ്രവ്യം : Rs. 100000, ടെൻഡർ ഫീസ് : Rs. 8270+(1489) GST, ടർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 16-06-2026 03:30 pm
ഫോൺ : 04832974871
വെബ്സൈറ്റ് : www.kwa.kerala.gov.in www.etenders.kerala.gov.in
സൂപ്രണ്ടിങ് എഞ്ചിനീയർ
KWA-JB-GL-6-63-2026-27 PH സർക്കിൾ, മലപ്പുറം

മതസ്പർധയെന്ന് ആരോപണം

മൊബൈൽ ഫോൺ കോടതിയിൽ ഹാജരാക്കിയെന്ന് പൊലീസ്

മലപ്പുറം: മതസ്പർധ ഉണ്ടാക്കുന്ന തരത്തിൽ വാട്ട്സ് ആപ്പ് സന്ദേശം പ്രചരിപ്പിച്ചതിന്റെ പേരിൽ പിടിച്ചെടുത്ത മൊബൈൽ ഫോൺ കോടതിയിൽ ഹാജരാക്കിയതായി ഫറോക്ക് സബ് ഡിവിഷൻ അസി. കമീഷണർ മനുഷ്യാവകാശ കമീഷനെ അറിയിച്ചു.

തനിക്കെതിരെ മതപരിവർത്തനവുമായി ബന്ധപ്പെട്ട് വ്യാജ ആരോപണം ഉന്നയിച്ച് തന്റെ മൊബൈൽ ഫോൺ പൊലീസ് പിടിച്ചെടുത്തതായി പരാതിപ്പെട്ട് രാമനാട്ടുകര പുതുക്കോട് സ്വദേശി സമർപ്പിച്ച പരാതിയിൽ കമീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ട റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. ഫോൺ നഷ്ടപ്പെട്ടത് കാരണം മക്കളുടെ പഠനം മുടങ്ങിയെന്നും പരാതിക്കാരൻ ആരോപിച്ചു.

പരാതിക്കാരൻ വാഴക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രതിയാണെന്ന് പോലീസ് റിപ്പോർട്ടിൽ പറഞ്ഞു. എന്നാൽ സുഹൃത്തിൽ നിന്നും ലഭിച്ച വാട്സാപ്പ് സന്ദേശം ദുരുദ്ദേശമില്ലാതെ മറ്റ് സുഹൃത്തുക്കൾക്ക് അയച്ചതിനാണ് 2023 ഏപ്രിൽ 11 ന് തന്നെ കേസിൽ പ്രതിയാക്കിയതെന്ന് പരാതിക്കാരൻ അറിയിച്ചു. വിഷയത്തിൽ കമ്മീഷന്റെ ഇടപെടൽ അനിവാര്യമായ തരത്തിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ കേസ് തീർപ്പാക്കി.

കേരള സ്റ്റേറ്റ് പൊലീസ് പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷൻ ജില്ല സമ്മേളനം ടി.വി. ഇബ്രാഹിം എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

പൊലീസ് പെൻഷനേഴ്സ് വെൽഫെയർ അസോ. ജില്ല സമ്മേളനം

മലപ്പുറം: പോലീസ് പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷൻ ജില്ല സമ്മേളനം ടി.വി. ഇബ്രാഹിം എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ല വൈസ് പ്രസിഡന്റ് ഉസ്മാൻ അധ്യക്ഷത വഹിച്ചു. വി.എസ്. ജോയ് എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് പി.കെ. ലംബോദരൻ നായർ, ജനറൽ സെക്രട്ടറി കല്ലറ ബാലകൃഷ്ണൻ, പി.എസ്. ഗോപാലകൃഷ്ണൻ, ജോസ് പീറ്റർ, അയ്യപ്പുട്ടി, ഇ.കെ. ഷാജഹാൻ എന്നിവർ സംസാരിച്ചു. എ. മുഹമ്മദ് ഷെരീഫ് സ്വാഗതവും കുഞ്ഞാലി നന്ദിയും പറഞ്ഞു. ഭാരവാഹികൾ: അബ്ദുൽ റഷീദ് (പ്രസി), അഡ്വ. ഷാജിമോൻ (ജന. സെക്ര), മുഹമ്മദ് ഷെരീഫ് (ട്രഷ), ഉസ്മാൻ പെരിന്തൽമണ്ണ, കുഞ്ഞാലി, അയ്യപ്പുട്ടി,ആനന്ദൻ (വൈസ് പ്രസിഡന്റുമാർ), ഇ.കെ. ഷാജഹാൻ, എം .വി ജയൻ, ശ്രീപതി, ഇബ്രാഹിം കൊണ്ടോട്ടി (ജോ. സെക്രട്ടറിമാർ).

ഓട്ടോ ചാർജ് വർധിപ്പിക്കണം -മലപ്പുറം ഒട്ടോ സൗഹൃദ കൂട്ടായ്മ

മലപ്പുറം: പെട്രോൾ, ഡീസൽ, സി.എൻ.ജി, സ്പെയർ പാർട്ട്സ് തുടങ്ങിയവയുടെ വില വർധനവിന്റെ അടിസ്ഥാനത്തിൽ ഓട്ടോ മിനിമം ചാർജ് 50 രൂപയാക്കണമെന്നും കിലോമീറ്റർ ചാർജ് 20 രൂപയാക്കി വർധിപ്പിക്കണമെന്നും മലപ്പുറം ഒട്ടോ സൗഹൃദ കൂട്ടായ്മ (മാസ്ക്) ജില്ല കമ്മിറ്റിയോഗം ആവശ്യപ്പെട്ടു.

ജില്ല പ്രസിഡന്റ് ഷമീർ മലപ്പുറം അധ്യക്ഷത വഹിച്ചു.

സെക്രട്ടറി സലാം മങ്കട, ട്രഷറർ ജാബിർ ചെമ്മാട്, അമീൻ മൊറയൂർ, ഷാജഹാൻ കാരകുന്ന്, ഗഫൂർ എടവണ്ണപ്പാറ, മുനീർ കാവനൂർ, സുരേഷ് ബാബു അയ്‌ലക്കാട്, ഉണ്ണി ചട്ടിപ്പറമ്പ, പ്രദീഷ് നിലമ്പൂർ, ഹമീദ് വെട്ടത്തൂർ, ജംഷീർ കാവിലക്കാട് എന്നിവർ സംസാരിച്ചു.

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശദാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ- ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂരിഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് **M/s.** പ്രൈഡ് മാർക്കറ്റിങ്, (മാനേജിങ് പാർട്നർ) ശ്രീ.അബ്ദുൾ സത്താർ പോരോളി, TP-VIII/362, തേഞ്ഞിപ്പാലം, 8, ചേളാരി, മലപ്പുറം- 673636,	മലപ്പുറം ജില്ലയിൽ, തിരൂരങ്ങാടി താലൂക്കിൽ, ചെനക്കലങ്ങാടി തേഞ്ഞിപ്പാലം പി.ഒ., റീസർവ്വേ നം.394/9 ൽ പെട്ട ശ്രീ.നജിമുദ്ദീൻ.എം പേരിലുള്ള 51.75 സെന്റ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും.	(എ) **07/06/2021** (ബി) 30.04.2026 ലെ **രൂപ 77,52,444.52** യും 01-05-2026